**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4788** **13-03-2023 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നഗര പ്രദേശങ്ങളിലെ ജലവിതരണ പദ്ധതികളുടെ മെച്ചപ്പെടുത്തലിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നും വിശദാംശം ലഭ്യമാക്കുമോ; | (എ) | **സംസ്ഥാനത്ത് നഗര പ്രദേശങ്ങളിലെ ജലവിതരണ പദ്ധതികളുടെ മെച്ചപ്പെടുത്തലിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുകയുടെയും ഇതിൽ നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുകയുടെയും ഇനം തിരിച്ചുള്ള വിശദ വിവരം അനുബന്ധം ആയി ചേർക്കുന്നു.** |
| (ബി) | എറണാകുളം ജില്ലയിലെ നഗരപ്രദേശങ്ങളിലുള്ള കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | **എറണാകുളം ജില്ലയിലെ നഗര പ്രദേശങ്ങൾ ഉൾപ്പെടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി AMRUT 2.0 ൽ 226 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷനിലെ കുടിവെള്ള മേഖലക്കായി AMRUT-1ൽ 130.08 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൊച്ചി കോർപ്പറേഷനിലെ വിവിധ ഇടങ്ങളിലെ ടാങ്കുകളുടെ നിർമ്മാണം, പൈപ്പ് മാറ്റിയിടൽ, കേടായ സർവ്വീസ് കണക്ഷൻ മാറ്റി സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു. ഇതിൽ ഏകദേശം 80% പ്രവർത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവ പുരോഗമിച്ചു വരുന്നു.**<br><br>**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തി മുഖേന കുടിവെള്ള വിതരണ ലൈനുകൾ സ്ഥാപിക്കുകയും, കൂടാതെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന മുറയ്ക്ക് കാലപ്പഴക്കം ചെന്ന പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികളും നടപ്പിലാക്കി വരുന്നു.**<br><br>**കൊച്ചി കോർപ്പറേഷനിലെ കുവപ്പാടം ഉന്നതതല സംഭരണിയിലേക്ക് (18.22 LL), 600 എം.എം വ്യാസമുള്ള പ്രത്യേക പമ്പിംഗ് മെയിൻ കരുവേലിപ്പടി പമ്പ് ഹൗസിൽ നിന്നും സ്ഥാപിച്ചിട്ടുണ്ട്.** |

| | | | | |
|---|---|---|---|---|
| | | | | കരുവേലിപ്പടി പമ്പ് ഹൗസിൽ 90 HP, 30 HP ശേഷിയുള്ള പമ്പ് സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>കൂടാതെ കൊച്ചി കോർപ്പറേഷൻ, ആലുവ, കളമശ്ശേരി, തൃക്കാക്കര, ഏലൂർ എന്നീ 4 മുനിസിപ്പാലിറ്റികൾ കുമ്പളം, കുമ്പളങ്ങി, ചെല്ലാനം, എടത്തല, കീഴ്മാട്, ചൂർണ്ണിക്കര, വരാപ്പുഴ, ചേരാനല്ലൂർ, മുളവുകാട്, കടമക്കുടി, എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം എന്നീ 13 പഞ്ചായത്തുകൾക്കും വേണ്ടി 190 MLD കുടിവെള്ള പ്ലാന്റ് ആലുവയിൽ സ്ഥാപിക്കാനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കായുള്ള കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചു വരുന്നു.<br><br>ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇമ്പ്രൂവ്മെൻറ് പ്രോജക്റ്റ് (KUWSIP), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07.02.2020 ൽ നൽകിയിട്ടുണ്ട്. ADB യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. കൊച്ചി കോർപ്പറേഷനിൽ ആദ്യ ഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും, വിപുലപ്പെടുത്തലും പത്ത് വർഷത്തേക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (0&M) കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി ഈ പ്രവൃത്തിക്കായുള്ള ദർഘാസ് 26.04.2023-ൽ തുറക്കുന്ന രീതിയിൽ ക്ഷണിച്ചിട്ടുള്ളതാണ്. പദ്ധതിയുടെ കാലാവധി 10 വർഷമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ. നം | സമഗ്ര ശീർഷകം | ബഡ്ജറ്റ് എസ്റ്റിമേറ്റ് (ലക്ഷം രൂപയിൽ) 2022-23 | ചെലവ് (ലക്ഷം രൂപയിൽ 03.03.2023) |
|---|---|---|---|
| 1 | നഗര ജലവിതരണ പദ്ധതികളുടെ മെച്ചപ്പെടുത്തൽ/ പുനരധിവാസം | 4500 | 191.40 |
| 2 | ഉൽപാദനവും വിതരണവും മെച്ചപ്പെടുത്തൽ | 5000 (നഗര ജലവിതരണ പദ്ധതികൾക്കും ഗ്രാമീണ ജലവിതരണ പദ്ധതികൾക്കും വേണ്ടിയുള്ള പൊതുവായ തുക) | 1422.66 |
| 3 | കുടിവെള്ളം വരൾച്ച സമാശ്വാസവും അടിയന്തിര ജോലികളും | 1000 (നഗര ജലവിതരണ പദ്ധതികൾക്കും ഗ്രാമീണ ജലവിതരണ പദ്ധതികൾക്കും വേണ്ടിയുള്ള പൊതുവായ തുക) | 329.41 |
| 4 | ഉറവിടം മെച്ചപ്പെടുത്തലും, ജല സംരക്ഷണവും | 200 (നഗര ജലവിതരണ പദ്ധതികൾക്കും ഗ്രാമീണ ജലവിതരണ പദ്ധതികൾക്കും വേണ്ടിയുള്ള പൊതുവായ തുക) | 17.96 |
| 5 | ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുത്താൻ ഇലക്ട്രോ മെക്കാനിക്കൽ ഇനങ്ങളുടെ ഒപ്റ്റിമൈസേഷൻ, സുരക്ഷ ഓഡിറ്റ് | 500 (നഗര ജലവിതരണ പദ്ധതികൾക്കും ഗ്രാമീണ ജലവിതരണ പദ്ധതികൾക്കും വേണ്ടിയുള്ള പൊതുവായ തുക) | 4.14 |
| 6 | ADB സഹായത്തോടെ കേരള നഗര ജല വിതരണം മെച്ചപ്പെടുത്തൽ | 10000 | 0 |

**സെക്ഷൻ ഓഫീസർ**